(20) പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് നൽകുന്ന തുക

ശ്രീ. ബിനോയ് വിശ്വം: സർ, പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളിലേയും തോട്ടങ്ങളിലേയും തൊഴിലാളികൾക്ക് ഓണമാഘോഷിക്കാൻവേണ്ടി 1000 രൂപ കൊടുത്തുവന്നിരുന്നു. 1000 രൂപ കൊണ്ട് എങ്ങനെയാണ് ഓണം ആഘോഷിക്കുന്നത്? ആ തുക ദയവായി 2000 രൂപയാക്കി വർദ്ധിപ്പിക്കണമെന്നുള്ള ഏറ്റവും ന്യായമായ ഒരപേക്ഷ ഞാൻ സഭയ്ക്കു മുമ്പാകെ വയ്ക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഇത് ഓണമാഘോഷിക്കാനൊന്നും കൊടുക്കുന്നതല്ല. ഇത് ഒരു വർഷം പൂർണ്ണമായും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ഓണത്തിന് എന്തെങ്കിലും ഒരാശ്വാസം എന്നുള്ള നിലയിൽ കൊടുക്കുന്ന ഒരു തുകയാണ്. ഓരോ വർഷം കഴിയുംതോറും ഇതിനാവശ്യമായ തുക വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ആ തുക വർദ്ധിപ്പിക്കാൻ ഇപ്പോൾ സാമ്പത്തിക നില അനുവദിക്കുന്നില്ല എന്നുള്ളതുകൊണ്ട് ഇപ്പോൾ പരിഗണിക്കുന്നില്ല.

(21) ജില്ലാ പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്ത റോഡുകൾ പി.ഡബ്ലിയു. ഡി.-ൽ വെസ്റ്റ് ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. ജെ. പൗലോസ്: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമായതുകൊണ്ട് ഞാൻ ശ്രദ്ധക്ഷണിക്കലായിട്ടാണ് കൊണ്ടുവന്നത്. പക്ഷേ അതെനിക്ക് സബ്മിഷനായിട്ടാണ് അനുവദിച്ചത്. അതിൽ ഞാൻ മുഖ്യമന്ത്രിയുടെ മറുപടിയാണ് പ്രതീക്ഷിച്ചത്. മുഖ്യമന്ത്രി പറയുന്നില്ലെങ്കിലും മരാമത്തു വകുപ്പുമന്ത്രിയാണ് പറയേണ്ടിയിരുന്നത്. എന്നാൽ അനുവദിച്ചത് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കാണ്. ഈ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ഒരു മിനിട്ട് എനിക്കു തരണം. നമ്മുടെ കേരളത്തിലെ റോഡുകളെ സ്റ്റേറ്റ് ഹൈവേ, മേജർ ഡിസ്ട്രിക്ട് റോഡുകൾ അദർ ഡിസ്ട്രിക്ട് റോഡുകൾ, വില്ലേജ് റോഡുകൾ എന്നിങ്ങനെയാണ് വിവക്ഷിച്ചിരിക്കുന്നത്. അങ്ങനെ നമ്മുടെ വില്ലേജ് റോഡുകളും അദർ ഡിസ്ട്രിക്ട് റോഡുകളുമൊക്കെ പഞ്ചായത്ത് രാജ് നിയമം പാസ്സാക്കുന്ന സന്ദർഭത്തിൽ, ആ നിയമത്തിന്റെ വ്യവസ്ഥയിൽ ഈ വില്ലേജ് റോഡുകളും മറ്റും പഞ്ചായത്തിലാണ് വെസ്റ്റു ചെയ്യുന്നത് എന്നുള്ള ഒരു പദപ്രയോഗം കിടക്കുന്നതുകൊണ്ട് അന്നുമുതൽ ഇന്നുവരെ അപ്രകാരമുള്ള പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും അഭ്യർത്ഥിച്ചതനുസരിച്ച് പി.ഡബ്ലിയു.ഡി. ഏറ്റെടുത്ത റോഡുകൾ ഇപ്പോൾ ത്രിശങ്കുസ്വർഗ്ഗത്തിലാണ്. അതിന് ഒരു നാഥനില്ലാത്ത അവസ്ഥയിലാണ്. പല റോഡുകളും വിട്ടുകൊടുത്തു. വിട്ടുകൊടുത്തത് ഏറ്റെടുത്ത് അഭിവൃദ്ധിപ്പെടുത്താനായി ജില്ലാ പഞ്ചായത്തിന് കഴിയുന്നില്ല. കേരളത്തിലെ എല്ലാ എം.എൽ.എ.-മാരും ഒരുപോലെ ആവശ്യപ്പെടുന്ന ഒരു വിഷയമാണ് പി.ഡബ്ലിയു.ഡി. ഏറ്റെടുത്ത റോഡുകൾ പി.ഡബ്ലിയു.ഡി.-ക്ക് വെസ്റ്റു ചെയ്തുകൊണ്ട് അത് അഭിവൃദ്ധിപ്പെടുത്താ

LIBRARY ARCHIVES Kerala Legislative Assembly

നാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ളത്. ആ കാര്യത്തിൽ പൊതുമരാമത്തു വകുപ്പുമന്ത്രി ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടിയാണ് മറുപടി പറയുന്നത്, എങ്കിലും അദ്ദേഹത്തിന്റെ പ്രത്യേക അഭിപ്രായവും അറിയണമെന്ന് എനിക്ക് ആഗ്രഹമുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, കേരള പഞ്ചായത്ത് രാജ് ആക്ടിലെ മൂന്നും നാലും അഞ്ചും പട്ടികകൾ പ്രകാരവും കേരള മുനിസിപ്പൽ ആക്ടിലെ ഒന്നാം പട്ടിക പ്രകാരവും നാഷണൽ ഹൈവേകളും സംസ്ഥാന ഹൈവേകളും മേജർ ജില്ലാ റോഡുകളും ഒഴികെ എല്ലാ റോഡുകളും ത്രിതല പഞ്ചായത്തുകളിലും നഗര സഭകളിലും നിക്ഷിപ്തമാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ റോഡുകളും പാലങ്ങളും എന്ന ഹെഡിൽ ജില്ലാ പഞ്ചായത്തുകൾക്ക് 330 കോടി 4 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ രണ്ടാം സംസ്ഥാന ധനകാര്യ കമ്മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത സ്ഥാപനങ്ങളുടേയും റോഡുകളുടേയും പരിപാലനത്തിന് സംസ്ഥാന റവന്യൂ വരുമാനത്തിന്റെ ഒരു നിശ്ചിത തുക പ്രസ്തുത സ്ഥാപനത്തിന് ഗ്രാന്റായി നൽകാനും ശുപാർശ ചെയ്തിട്ടുണ്ട്. ഇപ്പോൾ അധികാരം തിരിച്ചുപിടിക്കാൻ സർക്കാർ ആഗ്രഹിക്കുന്നില്ല. ഈ കാര്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കാനാവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുകയാണ് സർക്കാരിന്റെ ചുമതല. റോഡുകളുടെ സംരക്ഷണത്തിന്റെ കാര്യത്തിലും സർക്കാർ ഈ ചുമതല നിർവ്വഹിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പുമന്ത്രി എന്നുള്ള നിലയിൽ എനിക്കു പറയാനുള്ളത് ഇതുസംബന്ധിച്ച് ഒരു ചർച്ച ഗവൺമെന്റ് തലത്തിൽ നടക്കുന്നുണ്ട്. അതിൽ എന്തെങ്കിലും ഒരു തീരുമാനം വന്നശേഷം മാത്രമേ വ്യക്തമായ ഒരു മറുപടി പറയാൻ സാധിക്കുകയുള്ളൂ.

(22) പുലയവേട്ടുവ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണാനുകൂല്യം നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. എൻ. പ്രതാപൻ: സർ, കേരളത്തിലെ മലബാർ മേഖലയിലെ ഏറ്റവും ദയനീയമായ ജീവിത സാഹചര്യമുള്ള വേട്ടുവ, പുലയവേട്ടുവ സമുദായത്തിൽപ്പെട്ട ആളുകളുടെ സംവരണത്തിന്റെ പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. അവരുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യവും തൊഴിൽ സംവരണവും ഇല്ലാതായിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വിജ്ഞാപനം മൂലമാണ് അതില്ലാതായത്. കഴിഞ്ഞ ദിവസം കേരള ഹൈക്കോടതി ഇതുസംബന്ധിച്ച് ഇവർക്കാവശ്യമായ സംവരണം നൽകുന്നതിനുവേണ്ടിയുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നേരത്തെ ഒ.ഇ.സി. ആയി ക്യാബിനറ്റ് പ്രഖ്യാപിക്കുകയും അതിന്റെ ആനുകൂല്യം മാത്രം നൽകുമെന്നും പറഞ്ഞിരുന്ന ഈ വിഭാഗത്തിന് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും വിദ്യാഭ്യാസ സംവരണവും തൊഴിൽ സംവരണവും നൽകുന്നതിനുവേണ്ടിയുള്ള പ്രത്യേക ഉത്തരവുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly